# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7399 — 14-07-2014 ൽ മറുപടിയ്ക്ക്

## കൃഷി ഉൽപ്പാദനത്തിൽ വന്നിട്ടുള്ള കുറവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | ഇപ്പോൾ കൃഷിഭൂമിയുടെ എത്ര ശതമാനമാണ് നെൽകൃഷി ചെയ്യുന്നത്; | (എ) | 2012-2013 വർഷത്തെ കണക്കനുസരിച്ച് ആകെ കൃഷിഭൂമിയുടെ 7.61 ശതമാനമാണ് നെൽകൃഷി ചെയ്യുന്നത്. |
| (ബി) | ഇപ്പോൾ മറ്റ് ഭക്ഷ്യ വിളകൾ കൃഷി ചെയ്യുന്നത് കൃഷിഭൂമിയുടെ എത്ര ശതമാനമാണ്; | (ബി) | 2012-2013 വർഷത്തെ കണക്കനുസരിച്ച് മറ്റ് ഭക്ഷ്യവിളകൾ (ധാന്യവിളകൾ) കൃഷി ചെയ്യുന്നത് ആകെ കൃഷി ഭൂമിയുടെ 0.027 ശതമാനമാണ്. |
| (സി) | വിവിധ കൃഷികൾ നടത്തുന്ന കൃഷിഭൂമി ഇപ്പോൾ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; ആയതിന്റെ വിസ്തൃതി കുറഞ്ഞുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (സി) | 2012-2013 വർഷത്തെ കണക്കനുസരിച്ച് ആകെ കൃഷിയോഗ്യമായ ഭൂമിയുടെ 91.87 ശതമാനം ഭൂമിയിൽ വിവിധ കൃഷികൾ നടത്തുന്നു. ജനസംഖ്യ വർദ്ധിച്ചു വരുന്നതനുസരിച്ച് കൃഷി ഭൂമി കാർഷികേതര ആവശ്യങ്ങൾക്കായി മാറ്റപ്പെടുന്നതാണ് കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞു വരുന്നതിന്റെ പ്രധാന കാരണം. യുവതലമുറ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നതിന് വേണ്ടത്ര താല്പര്യം കാണിക്കാത്തതും മറ്റൊരു കാരണമാണ്. കാർഷിക മേഖലയിലെ തൊഴിലാളിക്ഷാമവും ഇതിന് ആക്കം കൂട്ടുന്നു. |

| | | | |
|---|---|---|---|
| (ഡി) | കൃഷിഭൂമിയുടെ ഉപയോഗം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ഡി) | കേരളത്തിൽ കൃഷി ചെയ്തുവരുന്ന പ്രധാന വിളകൾ കൃഷി ചെയ്യുന്ന വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് കൃഷിവകുപ്പും അനുബന്ധ ഏജൻസികളും വിവിധ കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികൾ വഴി നൽകുന്ന ധനസഹായം (സബ്സിഡി) കർഷകർക്ക് വളരെ പ്രോത്സാഹജനകമാണ്. കൂടാതെ തരിശ് നില കൃഷി പദ്ധതി അനുസരിച്ച് നെല്ല്, പച്ചക്കറി, വാഴ, മരച്ചീനി എന്നിവയുടെ കൃഷി തരിശ് നിലങ്ങളിൽ ചെയ്യുന്നതിന് വ്യക്തികൾക്കും കർഷക കൂട്ടായ്മകൾക്കും പ്രത്യേക ധനസഹായം നൽകി വരുന്നു. ഇതോടൊപ്പം തരിശ് നിലം കൃഷിയ്ക്കായി വിട്ടു നൽകുന്ന ഭൂ ഉടമയ്ക്ക് ഹെക്ടറിന് 5000/- രൂപയും നൽകുന്നു. |
| (ഇ) | ഇതിനായി കുടുംബശ്രീ വഴി കൂട്ടുകൃഷി സമ്പ്രദായം വ്യാപകമാക്കാൻ എന്തു നടപടികൾ സ്വീകരിച്ചു; ഇതിനായി എത്ര തുക നാളിതുവരെ വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ? | (ഇ) | തരിശ് നിലങ്ങളിൽ കൃഷി ചെയ്യുന്ന പദ്ധതി യനുസരിച്ച് വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ധനസഹായം നൽകി വരുന്നു. ഇപ്രകാരം കുടുംബശ്രീ മുഖേന തരിശ് നിലങ്ങൾ ഏറ്റെടുത്ത് വിവിധ വിളകൾ കൃഷി ചെയ്തുവരുന്നു. കുടുംബശ്രീയിലെ അംഗങ്ങളുടെ കർഷക കൂട്ടായ്മയാണ് ഇത് നടപ്പിലാക്കുന്നത്. ഇതിനായി 2013-2014 സാമ്പത്തിക വാർഷം തരിശ് ഭൂമിയിൽ നെല്ല്, വാഴ, കിഴങ്ങുവർഗ്ഗം എന്നിവ കൃഷി ചെയ്ത കർഷകർക്ക് ധനസഹായം നൽകുന്നതിനായി 1352.092 ലക്ഷം രൂപ വിനിയോഗിച്ചു. |

സെക്ഷൻ ഓഫീസർ